# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5243

26.03.2018-ന് മറുപടിയ്ക്ക്

## സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.ജി.എസ്.ജയലാൽ
,, ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീമതി ഗീതാ ഗോപി
ശ്രീ.വി.ആർ. സുനിൽ കുമാർ

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ വർത്തമാനകാല സാഹചര്യങ്ങൾക്ക് അനുസൃതമായ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ വർത്തമാനകാല സാഹചര്യങ്ങൾക്ക് അനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

- പദ്ധതിയുടെ ആദ്യഘട്ടമായി കിഫ്ബി മുഖേനയുള്ള അഞ്ചുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ 141 സ്കൂളുകളെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നു.
- കിഫ്ബി മുഖേനയുള്ള മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ 229 സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നു.
- പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് പ്രയോജനപ്പെടുത്തിക്കൊണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ 140 എൽ.പി./ യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നു.

- ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനം.
- ലൈബ്രറി/ലബോറട്ടറി നവീകരണത്തിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു.
- 50, 100 വർഷം പൂർത്തിയാക്കിയിട്ടുള്ള സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു.

കൂടാതെ വിവിധ പദ്ധതികൾക്കായി ചുവടെ ചേർക്കുന്ന പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

- സ്കൂൾ ഗ്രാന്റ് ഇനത്തിൽ എല്ലാ ഗവ.സ്കൂളുകൾക്കും 50,000 രൂപ വീതം അനുവദിച്ചു.
- നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 442 സ്കൂളുകൾക്ക് ഏഴ് ഇനങ്ങൾക്കായി (സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറി, അഡിഷണൽ ക്ലാസ്, ടോയ്ലെറ്റ്, കുടിവെള്ളം) 5251 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- ഐഡിയൽ ലാബ് സജ്ജീകരിക്കുന്നതിന് സംസ്ഥാനത്തെ ചുവടെ ചേർക്കുന്ന നാല് സ്കൂളുകൾക്ക് 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

1) ജി.എച്ച്.എസ്.എസ്. മയ്യിൽ, കണ്ണൂർ.
2) എ.ജി.എച്ച്.എസ്.എസ്. കോടോത്ത്, കാസർഗോഡ്.
3) ജി.എച്ച്.എസ്.എസ്. കോട്ടായി, പാലക്കാട്.
4) ഗവ.ബോയ്സ് എച്ച്.എസ്.എസ്, ഹരിപ്പാട് ആലപ്പുഴ.

ഹയർ സെക്കന്ററി വകുപ്പിന്റെ വാർഷിക പദ്ധതിയിലൂടെയും നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതികൾ മുഖേനയും സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ കാലാനുസൃതമായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) സർക്കാർ സ്കൂളുകളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സംരക്ഷിക്കുന്നതിൽ കാര്യമായ ശ്രദ്ധ പുലർത്തി കാണുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇല്ല.
വിഭവശേഷിയുടെ ലഭ്യതയ്ക്കനുസരിച്ച് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതികളിലും വിവിധ വാർഷിക പദ്ധതികളിലും ഉൾപ്പെടുത്തി സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. എം.പി./എം.എൽ.എ.-എ.ഡി.എസ്. പദ്ധതികളിലൂടെയും സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം നടത്തുന്നു. കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിലൂടെയും സ്കൂളുകളുടെ അടിസ്ഥാന സൗകര്യം കാലാനുസൃതമായി മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) പെൺകുട്ടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പെൺകുട്ടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്കൂളുകളിൽ 'ഗേൾസ് ഫ്രണ്ട്ലി' ടോയ്‌ലെറ്റുകൾ നിർമ്മിക്കുക, നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ അഥവാ വേസ്റ്റ് ഡിസ്പോസിംഗ് സൗകര്യം, വനിതാ വിശ്രമ മുറികൾ നിർമ്മിക്കുക, വനിതാ കൗൺസിലിംഗ് ഹാൾ നിർമ്മിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസലുകൾ പരിശോധിച്ച് വകുപ്പിന്റെ ബജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് വകുപ്പിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്കൂൾ പ്രിൻസിപ്പൽമാർക്ക് ലഭ്യമായ പി.ഡി. അക്കൗണ്ടുകളിൽ ഉള്ള ബാലൻസ് തുക ഉപയോഗിച്ച് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്.

| | |
|---|---|
| (ഡി) സ്കൂൾ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനത്തിന് 2018-19 ബജറ്റിൽ ഊന്നൽ നൽകുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) ഉണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ 2018-19 വാർഷിക പദ്ധതിയിൽ സ്കൂൾ അടിസ്ഥാന സൗകര്യ വികസനത്തിനായി ക്യാപ്പിറ്റൽ ഹെഡ്ഡിൽ 12000 ലക്ഷം രൂപയും റവന്യൂ ഹെഡ്ഡിൽ 5000 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ